# കേരള കാർഷികസർവകലാശാല

ഡയറക്ടറേറ്റ് ഓഫ് എഡ്യൂക്കേഷൻ, കെ.എ.യു. പി.ഒ.,

വെള്ളാനിക്കര, തൃശൂര് - 680656 (ഫോൺ നം. : 0487 2428106/9846226123)


നം. കെ എ യു സി ഇ/676/2025-എഡ്യു ഇ1 തീയതി: 29-12-2025

## ടെൻഡർ നോട്ടീസ്

കേരള കാർഷിക സര്വ്വകലാശാലയുടെ കേന്ദ്രീകൃത ഉത്തര കടലാസ് മൂല്യ നിര്ണ്ണയം 2026 ജനുവരി മുതൽ വെള്ളാനിക്കര അക്കാദമിക് ബ്ലോക്ക് I നു (പഴയ ഭരണകാര്യാലയം) ഏറ്റവും മുകളിലത്തെ നിലയിലുള്ള അക്കാഡമിക് ഹാളില് വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ മൂല്യ നിർണയ ക്യാമ്പിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്കും അനുബന്ധ ഉദ്യോഗസ്ഥർക്കും മേൽ ദിവസങ്ങളിൽ പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും അത്താഴവും നല്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് അനുസൃതമായി മുദ്ര വെച്ച ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നമ്പര് | നല്കേണ്ട ഇനം | വിവരണം | നിരക്ക് (ഒന്നിന്) |
|---|---|---|---|
| 1 | പ്രഭാത ഭക്ഷണം (ആവശ്യാനുസരണം ഏതെങ്കിലും ഒന്ന് ദിവസേന) | ഇഡ്ഡലി/ ദോശ/ ചപ്പാത്തി/ പൂരി/ അപ്പം (യോജിച്ച കറികളോടൊപ്പം), കാപ്പി/ ചായ | |
| 2 | ഊണ്/ ബിരിയാണി (ആവശ്യാനുസരണം ഏതെങ്കിലും ഒന്ന് ദിവസേന) | ചോറ്, സാമ്പാര്, രസം, മോര്, അച്ചാര്, പപ്പടം, തോരന്, അവിയല്, കാളന്, കൂട്ടുക്കറി, പച്ചടി etc. (ഏതെങ്കിലും മൂന്ന് എണ്ണം) ചിക്കന് ഫ്രൈ/ മീന് വറുത്തത്<br>പായസം/ഐസ് ക്രീം.<br>**അല്ലെങ്കിൽ**<br>ഊണിന് പകരം ഒന്നിടവിട്ട ദിവസങ്ങളില് ആവശ്യപ്പെടുന്നതിന് അനുസരിച്ചു് ബിരിയാണി റൈസ്, ചിക്കന്/ ചില്ലി ഗോബി, പായസം/ ഐസ് ക്രീം | |
| 3 | അത്താഴം (ആവശ്യാനുസരണം ഏതെങ്കിലും ഒന്ന് ദിവസേന) | ചപ്പാത്തി/ ഇഡ്ഡലി/ ദോശ/ അപ്പം (യോജിച്ച കറികളോടൊപ്പം),<br>ഫ്രൈഡ് റൈസ്/ ബിരിയാണി/ ചില്ലി ഗോബി | |

## നിബന്ധനകൾ

- ടെൻഡർ സ്വീകരിക്കുന്ന വ്യക്തി, പ്രഭാത ഭക്ഷണവും അത്താഴവും സർവകലാശാലയുടെ ഹോസ്റ്റലുകളിലും ഉച്ചഭക്ഷണം പഴയ ഭരണ കാര്യാലയത്തിന് ഏറ്റവും മുകളിലത്തെ

നിലയിലുള്ള മൂല്യ നിർണ്ണയ ക്യാമ്പിലും കൊണ്ടുവന്ന് വിളമ്പി കൊടുക്കേണ്ടതാണ്.

- വിളമ്പുന്നതിനാവശ്യമായ പ്ലേയ്റ്റ്, ഗ്ലാസ്സ് എന്നിവയും കുടിക്കുവാനുള്ള വെള്ളവും കരാറുകാരൻ കൊണ്ട് വരേണ്ടതാണ്. പേപ്പര് പ്ലേറ്റ് ഒഴിവാക്കേണ്ടതാണ് .
- പഴകിയതോ കേട് വന്നതോ ആയ ഭക്ഷണ സാധനങ്ങൾ നല്കരുത്. ഗുണമേന്മയുള്ള സാധനങ്ങൾ ഉപയോഗിച്ചായിരിക്കണം ഭക്ഷണം തയ്യാറാക്കേണ്ടത്.
- മീന്, ഇറച്ചി ഒഴികെ ഊണിനുള്ള വിഭവങ്ങൾ ആവശ്യാനുസരണം കൊടുക്കേണ്ടതാണ്.
- എല്ലാ ദിവസവും പ്രഭാത ഭക്ഷണം കാലത്ത് 8 മണിയ്ക്കും ഉച്ച ഭക്ഷണം ഉച്ചക്ക് 12 .30 നും അത്താഴം രാത്രി 7.00 മണിയ്ക്കും എത്തിക്കേണ്ടതാണ് .
- 15 ദിവസം ഉദ്ദേശം 50 വ്യക്തികൾക്ക് ഭക്ഷണം നൽകേണ്ടി വരും. വ്യക്തികളുടെ എണ്ണവും ദിവസങ്ങളും ചിലപ്പോൾ മാറാം.
- നിരക്ക് എന്നതിൽ മേൽ ഐറ്റങ്ങൾ ഉൾപ്പെടെ ഊണ്/ ബിരിയാണി ഒരെണ്ണത്തിന് ഉള്ള നിരക്കാണ് സൂചിപ്പിക്കേണ്ടത് .
- www.kau.in/tenders എന്ന വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമുകളിൽ ടെൻഡർ ഡയറക്ടർ ഓഫ് എഡ്യൂക്കേഷന് മുമ്പാകെ സമർപ്പിക്കണം . ടെൻഡറിനോടൊപ്പം ടെൻഡർ ഫോമിന്റെ വില കംപ്ട്രോളർ , കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കെഎയു കാമ്പസിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയി ഉൾപെടുത്തേണ്ടതാണ് . ടെൻഡർ സമർപ്പിക്കുമ്പോൾ ടെൻഡർ ചെലവും ജി എസ് ടി തുകയും വ്യക്തമാക്കണം .
- ടെൻഡർ ഫോമിന്റെ വില, ആകെ എസ്റ്റിമേറ്റ് തുകയുടെ 0.2 % ആണ് . അത് 100 ന്റെ ഏറ്റവും അടുത്തുള്ള ഗുണിതത്തിലേക്ക് റൗണ്ട് ചെയ്തിരിക്കണം. കുറഞ്ഞത് 400/- രൂപ (രൂപ നാനൂറ് മാത്രം) മുതൽ പരമാവധി 1500/- രൂപ (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) വരെയാകാം. 18% ജി എസ് ടി ഉൾപ്പെടുത്തേണ്ടതാണ്. ടെൻഡർ ഫോമിന്റെ വില തിരികെ നൽകുന്നതല്ല.
- ടെൻഡറിനൊപ്പം 200/- രൂപ (ഇരുനൂറ് രൂപ മാത്രം) മൂല്യമുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം സമർപ്പിക്കേണ്ടതാണ് . ഇതിന്റെ മാതൃകയും മുകളിലുള്ള വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്
- ക്വാട്ട് ചെയ്ത തുകയുടെ 1% ന് തുല്യമായ തുക (കുറഞ്ഞത് 1500/- രൂപ) ഇഎംഡിയായി കംപ്ട്രോളർ, കേരള കാർഷിക സർവകലാശാലയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കെഎയു കാമ്പസിൽ മാറാവുന്ന പ്രത്യേക ഡിമാൻഡ് ഡ്രാഫ്റ്റായി അടക്കേണ്ടതാണ് . മറ്റ് ബാങ്കുകളിൽ നിന്നുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് സ്വീകരിക്കുന്നതല്ല.
- ടെൻഡറുകളിൽ കേന്ദ്രികൃത ഉത്തരക്കടലാസ് മൂല്യനിർണയം ജനുവരി 2026 - എന്ന് രേഖപ്പെടുത്തേണ്ടതാണ്.
- 08-01-2026 ന് ഉച്ചതിരിഞ്ഞു 2.00 മണി വരെ ടെൻഡറുകൾ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
- അതേ ദിവസം ഉച്ചതിരിഞ്ഞു 2.30 ന് ആ സമയത്ത് ഹാജരായ ലേലക്കാരുടെ സാന്നിധ്യത്തിൽ ടെൻഡറുകൾ തുറക്കുന്നതാണ്.

- ടെൻഡർ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ (ഇരുനൂറ് രൂപ മാത്രം ) മൂല്യമുള്ള കേരളം സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി നൽകേണ്ടതാണ്. . കരാറിന്റെ രൂപരേഖ മുകളിൽ പരാമർശിച്ച വെബ് ലിങ്കിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ് . കൂടാതെ മൊത്തം തുകയുടെ 5 % നു തുല്യമായ തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി (ടേം ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി/ഡിമാൻഡ് ഡ്രാഫ്റ്റ് ) കംപ്ട്രോളർ , കേരള കാർഷിക സർവകലാശാല, തൃശ്ശൂർ എന്ന പേരിൽ അടക്കേണ്ടതാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കെഎയു കാമ്പസ് ബ്രാഞ്ചിൽ മാറാൻ കഴിയുന്നതായിരിക്കണം
- ടെൻഡർ വ്യവസ്ഥകൾ നിറവേറ്റുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്ന് ഏതെങ്കിലും തരത്തിൽ വീഴ്ച സംഭവിക്കുകയാണെങ്കിൽ ഇഎംഡി/സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതിന് കാരണമാകും.
- അഡ്വാൻസ് പേയ്മെന്റ് നടത്തുന്നതല്ല
- സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ

പ്രൊഫ. ഡോ. ടി.കെ. കുഞ്ഞാമു
ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ
കേരള കാർഷിക സർവ്വകലാശാല

പകർപ്പ്:

നോട്ടീസ് ബോർഡ് , കെ.എ.യു ഹെഡ് ക്വാർട്ടേഴ്സ് , വെള്ളാനിക്കര
സർവകലാശാല വെബ്സൈറ്റ്